പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 348 13-10-2026-ൽ മറുപടിയ്ക്ക്

ഓപ്പറേഷൻ ത്രുഫാൻ പദ്ധതിയുടെ വ്യാപനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഓപ്പറേഷൻ ത്രുഫാൻ പദ്ധതിയിലൂടെ എത്ര ലഹരി വിരുദ്ധകേസുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റു ചെയ്തെന്നും വ്യക്തമാക്കാമോ;

മറുപടി: ഓപ്പറേഷൻ ത്രുഫാൻ പദ്ധതിയുടെ ഭാഗമായി 05/10/2026-ാം തീയതി വരെ 12050 കേസുകൾ രജിസ്റ്റർ ചെയ്യുകയും 13002 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികളും പുതുതായി നടപ്പിലാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും വിശദമാക്കാമോ?

മറുപടി: ഓപ്പറേഷൻ ത്രുഫാന്റെ ഭാഗമായി സ്കൂൾ, കോളേജ്, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പോലീസ് പട്രോളിംഗും പരിശോധനയും നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്. വിദ്യാലയങ്ങൾ, ട്യൂഷൻ സെന്ററുകൾ, പൊതുകളിസ്ഥലങ്ങൾ എന്നിവയുടെ പരിസരത്തെ വ്യാപാരസ്ഥാപനങ്ങളിൽ നിരോധിത മയക്കുമരുന്നുകളും പുകയില ഉൽപ്പന്നങ്ങളും സൂക്ഷിക്കുന്നതും വിൽപ്പന നടത്തുന്നതും കണ്ടെത്തുന്നതിനായി COTPA & NDPS Special Drive പ്രകാരം സംസ്ഥാനത്തെ വിവിധ ജില്ലകളിൽ റെയ്ഡുകൾ നടത്തി കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് സാമൂഹ്യവിരുദ്ധർ പ്രവർത്തിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി Special Operation Group (SOG) ടീമുകളെ മഫ്തിയിൽ വിന്യസിച്ചിട്ടുള്ളതും, സ്കൂൾ പരിസരങ്ങളിലെ ലഹരി ഇടപാടുകൾ കണ്ടെത്തുന്നതിനായി DANSAF, യോദ്ധാവ് ടീം അംഗങ്ങളെ നിരന്തരം നിയോഗിച്ചിട്ടുള്ളതുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി പ്രവർത്തനങ്ങൾ തടയുന്നതിനായി School/College Protection Groups, Anti-Drug Clubs എന്നിവയുടെ പ്രവർത്തനം

ശക്തിപ്പെടുത്തുകയും, വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

Operation Toofan Phase II-ന്റെ ഭാഗമായി വാർഡ് തല ജനപങ്കാളിത്തം, പ്രത്യേക Toofan Grama Sabhas, പോലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം, കുടുംബശ്രീ തുടങ്ങിയ വകുപ്പുകളുടെ ഏകോപനം എന്നിവ ശക്തിപ്പെടുത്തി, ലഹരി ഉപയോഗത്തിലേക്ക് വഴുതിപ്പോകാൻ സാധ്യതയുള്ളവരെ പ്രാരംഭഘട്ടത്തിൽ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ്, ചികിത്സ, പുനരധിവാസ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ